**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5379 | 26.03.2018 ൽ മറുപടിയ്ക്ക്

# റവന്യൂ വകുപ്പിൽ ഓൺലൈൻ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

(എ) റവന്യൂ വകുപ്പിൽ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(എ) റവന്യൂ വകുപ്പിൽ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് താഴെ പറയുന്ന സംവിധാനങ്ങൾ നിലവിലുണ്ട്.

**1.ഇ-ഡിസ്ട്രിക്ട്**

വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ /തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകി വരുന്നു.

താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ – ഡിസ്ട്രിക്ട് സംവിധാനം വഴി നൽകി വരുന്നു.

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്

7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലോക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോ അറ്റാച്ച് മെന്റ് സർട്ടിഫിക്കറ്റ്
22. വാല്വേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
24. മൈനോരിറ്റി സർട്ടിഫിക്കറ്റ്

## 2. ആർ.ആർ.ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പുതിയ ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇതിലൂടെ അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ല, താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും.

### 3. ഇ- പെയ്മെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചു കൊണ്ട് സമഗ്രമായ ഒരു ഇ-പെയ്മെന്റ് പ്ലാറ്റ്ഫോം വികസിപ്പിച്ചെടുക്കുക എന്നതാണ് ഇതു കൊണ്ട് ലക്ഷ്യമിടുന്നത്.

### 4. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശലക്ഷ്യത്തോടു കൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

### 5. ഇ-ഓഫീസ്

കടലാസ് രഹിത ഓഫീസ് പദ്ധതിയായ ഇ-ഓഫീസ് സംവിധാനം ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ

| | | | |
|---|---|---|---|
| | | | വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. |
| **(ബി)** | ഇ-ഡിസ്ട്രിക്റ്റ് പദ്ധതി പ്രകാരം ഏതെല്ലാം റവന്യൂ ഓഫീസുകളിൽ ഭൂനികുതി അടക്കുന്നതുൾപ്പെടെയുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്? | **(ബി)** | ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി 24 ഇനം സർട്ടിഫിക്കറ്റുകൾ മാത്രമാണ് റവന്യൂ വകുപ്പിൽ നിന്നും വിതരണം ചെയ്തു വരുന്നത്. പോക്കുവരവ്, ഭൂനികുതി ഒടുക്കൽ എന്നിവ റെലിസ് സംവിധാനം വഴിയാണ് നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1472 എണ്ണത്തിൽ ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ